## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2326 — 19-07-2016-ൽ മറുപടിയ്ക്ക്

## മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി) |
| എ. മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നതെന്ന് അറിയിക്കാമോ; | മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ 3 പവലിയനുകളിലായി 62 മുറികളിൽ കാർഷിക ഉല്പന്നങ്ങളുടെയും കാർഷിക അനുബന്ധ ഉല്പന്നങ്ങളുടെയും വ്യാപാരം നടന്നു വരുന്നു. കൂടാതെ കാർഷിക ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം, 24 മണിക്കൂറും പ്രവർത്തിക്കുന്ന വേയ്ബ്രിഡ്ജ് എന്നിവയുടെ സേവനം ഇവിടെ ലഭ്യമാണ്. മാർക്കറ്റിലെ തുറസ്സായ സ്ഥലവും മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള പോളി ഹൗസും കൃഷി ചെയ്യുന്നതിനായി കർഷകർക്ക് പാട്ടത്തിനു നൽകിയിട്ടുണ്ട്.<br><br>മാർക്കറ്റിന്റെ പരിധിയിലുള്ള കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായ വില ലഭിയ്ക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം (ചൊവ്വാഴ്ച) ടി വിപണിയിൽ ലേല നടപടികൾ നടന്നുവരുന്നു. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനായി കർഷകർ നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് ന്യായവില നേടി എടുക്കുന്നു. കർഷകരെ വിപണിയിൽ നടക്കുന്ന ലേല നടപടികളിൽ പങ്കെടുക്കുവാൻ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ദൂരത്തിന്റെ അടിസ്ഥാനത്തിൽ കിലോയ്ക്ക് 1.50 - 2.50 രൂപ നിരക്കിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകി വരുന്നു. |

| | | |
|---|---|---|
| ബി. | എറണാകുളത്തിന്റെ കിഴക്കൻ മേഖലയിലെ കർഷകർക്ക് ഗുണകരമാകുന്ന വിധത്തിൽ മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ തുടങ്ങുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ട്. മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ അഗ്രോ ബസാർ തുടങ്ങുന്ന വിവരം പരിശോധിക്കുന്നതാണ്. |
| സി. | എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ? | സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർഷികോപകരണങ്ങൾ, ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് കർഷകർക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് അഗ്രോ ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |

അണ്ടർ സെക്രട്ടറി.